Malappuram District Police

# വൃദ്ധയെ കൂട്ട ബലാത്സംഗം ചെയ്ത കേസിൽ പ്രതി പിടിയിൽ

മലപ്പുറം (29.05.2017): മലപ്പുറം പടിഞ്ഞാറ്റുംമുറിയിൽ വൃദ്ധയായ സ്ത്രീയെ ക്രൂരമായ ബലാത്സംഗത്തിന് ഇരയാക്കിയ ശേഷം നാട് വിട്ട പ്രതികളിലൊരാളെ മലപ്പുറം പോലീസ് അറസ്റ്റ് ചെയ്തു. മലപ്പുറം പടിഞ്ഞാറ്റുംമുറി കാരാട്ട്പറമ്പ് സ്വദേശിയായ വടക്കെതൊടി വിനോദ് (37 വയസ്സ്) ആണ് ഇന്ന് മലപ്പുറത്ത് വെച്ച് പിടിയിലായത്. മൂന്നാഴ്ച മുമ്പാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതികൾ പരാതിക്കാരിയുടെ വീട്ടിലേക്ക് അർദ്ധരാത്രിയിൽ കടന്ന്ചെന്ന് ഭീഷണിപ്പെടുത്തി ബലാത്സംഗം ചെയ്യുകയായിരുന്നു. കേസെടുത്തതിനെ തുടർന്ന് പ്രതികൾ മൈസൂർ, ബാഗ്ലൂർ എന്നിവിടങ്ങളിലായി ഒളിവിൽ താമസിച്ച് വരവെ പോലീസ് പിന്തുടരുന്നതറിഞ്ഞ് അവിടെ നിന്നും കടന്ന് കളയുകയായിരുന്നു. പ്രതികളെ ഒളിവിൽ താമസിക്കാൻ സഹായിച്ച കോട്ടയം കൈപ്പള്ളി കാക്കല്ലിൽ വീട്ടിൽ അനിൽ സെബാസ്റ്റ്യൻ (29), പത്തനംതിട്ട മുക്കൂട്ടുതറ കണ്ടത്തിൽ വീട്ടിൽ അജിൻ വർഗ്ഗീസ് (25), ഇടുക്കി പുളിക്കത്തടം കുട്ടിക്കൽ വീട്ടിൽ തോമസ്. കെ. മാത്യു (30), വണ്ടൂർ കാരാട് ചെമ്പോത്തുംപൊയിൽ വീട്ടിൽ ഉണ്ണികൃഷ്ണൻ (54) എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്ത് റിമാൻറ് ചെയ്തിരുന്നു. മലപ്പുറം ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറയുടെ നിർദ്ദേശപ്രകാരം മലപ്പുറം CI പ്രേംജിത്ത്, ASI- മാരായ സാബുലാൽ, രാമചന്ദ്രൻ, അബ്ദുൽ അസീസ്, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ എസ്.എ മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു, സഞ്ജീവൻ, ഉണ്ണികൃഷ്ണൻ മാരാത്ത്, ശ്രീകുമാർ എന്നിവരാണ് പ്രതിയെ പിടികൂടിയത്.